പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4510 21/03/2018-ൽ മറുപടിക്ക്

## വിമൻ ആൻഡ് ചിൽഡ്രൻ ആശുപത്രികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഹൈബി ഈഡൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് 'വിമൻ ആൻഡ് ചിൽഡ്രൻ' ആശുപത്രികൾ രൂപീകരിക്കും എന്ന് സർക്കാർ പ്രഖ്യാപനം നടത്തിയിരുന്നോ എന്നറിയിക്കാമോ; | എ) | കോട്ടയം, മലപ്പുറം, വയനാട്, തൃശ്ശൂർ, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രി ആരംഭിക്കുവാൻ സർക്കാർ തീരുമാനിക്കുകയും, ആയതിന് പ്ലാൻ റൈറ്റ് അപ് തുക അനുവദിച്ചിട്ടുമുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര വിമൻ ആൻഡ് ചിൽഡ്രൻ ആശുപത്രികൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) | മലപ്പുറം ജില്ലയിൽ പൊന്നാനിയിൽ വിമൺ & ചിൽഡ്രൻ ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ, കെട്ടിട നിർമ്മാണം, സ്ഥലം പി.ഡബ്ല്യു.ഡി കൈമാറുക, ടെണ്ടർ നടപടികൾ എന്നിവ പുരോഗമിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ ഡബ്ല്യു & സി ആശുപത്രിയുടെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. 2 നില പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. വയനാട് സ്ഥലം പി.ഡബ്ല്യു.ഡിയ്ക്ക് കൈമാറി, പി.ഡബ്ല്യു.ഡി കെട്ടിട നിർമ്മാണത്തിനുള്ള ടെണ്ടർ നടപടി പുരോഗമിക്കുന്നു. മലപ്പുറം കെട്ടിടം പണി പൂർത്തിയാക്കി ഒ.പി. ആരംഭിച്ചിട്ടുണ്ട്. കോട്ടയത്ത് വൈക്കത്ത് ഡബ്ല്യു & സി ആശുപത്രിയുടെ താഴെത്തെ നില 80% പണി പൂർത്തിയാക്കുകയും 2-ാം നില 60% പണി പൂർത്തിയാക്കിയിട്ടുമുണ്ട്. 3-ാം നിലയ്ക്കുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനും വന്ധ്യതാ ക്ലിനിക്കുകൾ ശക്തിപ്പെടുത്തുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും തുക വകയിരുത്തിയിരിക്കുന്നു. എല്ലാ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആധുനിക ലാബോറട്ടറി സൗകര്യത്തോടുകൂടിയ വന്ധ്യത ക്ലിനിക്കുകൾ ഘട്ടംഘട്ടമായി ആരംഭിക്കുന്നതിനും ഉദ്ദേശിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ